പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.311 — 04.06.2018 ൽ മറുപടിക്ക്

## ഇരിക്കൂർ സി.എച്ച്.സി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തിക്കൊണ്ടുള്ള മന്ത്രിസഭാ തീരുമാനം അനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്നു വെളിപ്പെടുത്തുമോ ; | (എ) | 16.11.2015-ലെ സ.ഉ.(കൈ) നം.261/15/ആ.കു.വ. ഉത്തരവു പ്രകാരം കാഷ്വാലിറ്റി യൂണിറ്റുകൾ ഇല്ലാത്ത 35 താലൂക്ക് ആശുപത്രികളിലേക്കായി കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാരുടെ 148 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പാനൂർ/ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ താലൂക്ക് ആശുപത്രിക്കാവശ്യമായ തസ്തിക സൃഷ്ടിച്ചിരുന്നില്ല. |
| (ബി) | ഇരിക്കൂർ സി.എച്ച്.സി.യിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ അധിക തസ്തിക അനുവദിച്ചു നൽകിയിട്ടില്ല. നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി വിവിധ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഇവിടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് രോഗീ സൗഹൃദമാക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. അതിനാൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിലാണ് അടിസ്ഥാന സൗകര്യങ്ങളും അധിക തസ്തിക സൃഷ്ടിക്കലും നടത്തി വരുന്നത് ഇതിനാൽ ഓരോ ആശുപത്രികളുടെ ആവശ്യം പ്രത്യേകം പ്രത്യേകമായി ഇപ്പോൾ പരിഗണിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ